# <u>Press Release</u>

## <u>ജനമൈത്രി ഓണാഘോഷം - പുത്തൻവേലിക്കര പോലീസ് സ്റ്റേഷൻ</u>

പുത്തൻവേലിക്കര പോലീസ് സ്റ്റേഷൻ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഓണാഘോഷം സംഘടിപ്പിച്ചു. എളന്തിക്കര സെൻറ് ജോസഫ് ബാലികാ ഭവനിൽ വെച്ച് **31.08.2017** തീയതി നടത്തിയ ഓണാഘോഷ പരിപാടികളിൽ സെൻറ് ജോസഫ് ബാലികാ ഭവനിലെ കുരുന്നുകളോടൊപ്പം പുത്തൻവേലിക്കര കാരുണ്യഭവൻ വൃദ്ധസദനത്തിലെ അന്തേവാസികളും പങ്കെടുക്കുകയുണ്ടായി. ഓണാഘോഷ പരിപാടികളോടനുബന്ധിച്ച് നടത്തിയ പൊതുയോഗത്തിൽ പുത്തൻവേലിക്കര പോലീസ് സബ് ഇൻസ്പെക്ടർ ഷിബു.**E.V** അദ്ധ്യക്ഷത വഹിച്ചു. കാരുണ്യഭവൻ വൃദ്ധസദനത്തിലെ ഏറ്റവും പ്രായം കൂടിയ അമ്മയായ റോസക്കുട്ടിയമ്മ ഉൽഘാടനം നിർവഹിച്ച പ്രസ്തുത ചടങ്ങിൽ പുത്തൻവേലിക്കര പോലീസ് സ്റ്റേഷൻ റൈറ്റർ **SCPO** ജോളി ജോസഫ്, കന്യാസ്ത്രീകളായ **Sr.** ആൽബി, **Sr.** ലൂമിന, റിട്ടയേർഡ് **SI** പ്രതാപൻ, **SI** ആൻറണി, ബീറ്റ് ഓഫീസർ **WCPO** ലിജി, **PRO ASI** പോളി എന്നിവർ സംസാരിച്ചു. ചടങ്ങിൽ വെച്ച് ബാലികാ ഭവനിലെ കുട്ടികൾക്കും കാരുണ്യഭവനിലെ അന്തേവാസികളായ അമ്മമാർക്കും പുത്തൻവേലിക്കര പോലീസ് സ്റ്റേഷനിലെ പോലീസുദ്യോഗസ്ഥർ ഓണസമ്മാനങ്ങൾ നൽകി. തുടർന്ന് ബാലികാ ഭവനിലെ കുരുന്നുകളും പോലീസുദ്യോഗസ്ഥരും ചേർന്ന് അവതരിപ്പിച്ച കലാപരിപടികളുടെ കൂട്ടത്തിൽ കാരുണ്യഭവനിലെ വൃദ്ധരായ അമ്മമാർ അവതരിപ്പിച്ച ഓണപ്പാട്ടും എല്ലാവരും ഒന്നിച്ചുള്ള ഓണസദ്യയും ഏവർക്കും സന്തോഷം പകർന്ന നവ്യാനുഭവമായി.